(സി) ഹോം നഴ്സിംഗ് രംഗത്തുള്ളവർക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; ഇവർക്കായി നിശ്ചിത പരിശീലന പരിപാടി തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര സ്ഥാപനങ്ങൾ പ്രസ്തുത വിഭാഗക്കാർക്കായി നിലവിലുണ്ട് ; എത്രപേർ ഹോം നഴ്സുമാരായി നിലവിൽ പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) ആരോഗ്യ വകുപ്പിൽ നിന്ന് ഈ വിഷയത്തിൽ പഠനങ്ങൾ നടത്തിയിട്ടില്ല.

ഗവൺമെന്റ് ഡോക്ടർമാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോകുന്നത് തടയാൻ നടപടി

146 (4581) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലുള്ള ഏതെല്ലാം ഡോക്ടർമാർ സംസ്ഥാനത്തുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു ;

(ബി) ഏതെല്ലാം ഡോക്ടർമാർ ഏതെല്ലാം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എന്നുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഇവരെ തിരിച്ചുവിളിക്കാൻ എന്നാണ് സർക്കാർ തീരുമാനിച്ചത് ; ഇതിൻപ്രകാരം എത്രപേരെ തിരിച്ചുവിളിച്ചു ; എത്രപേർ തിരിച്ചുവന്നു ; ഇനിയെത്ര പേർ തിരിച്ചുവരാനുണ്ട് ; വിശദവിവരം നൽകുമോ ;

(ഡി) സർക്കാർ തീരുമാനം അനുസരിക്കാത്ത തിരുവല്ല, പുഷ്പഗിരി, കോലഞ്ചേരി, കാരക്കോണം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എത്ര ഗവൺമെന്റ് ഡോക്ടർമാർ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട് ; ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) സർക്കാർ തീരുമാനപ്രകാരം ഇവരെ തിരിച്ചുവിളിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഡോക്ടർമാർക്ക് തിരിച്ചുവരാൻ നിർദ്ദേശം നൽകിയെന്നും ആരെല്ലാം തിരിച്ചുവന്നുവെന്നും വ്യക്തമാക്കുമോ ;

(എഫ്) സർക്കാർ സർവ്വീസിൽ തിരിച്ചുവരാൻ തയ്യാറാകാത്ത ഡോക്ടർമാർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ജി) സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്ത സാഹചര്യത്തിൽ ഡോക്ടർമാർ വിദേശത്തു പോകുന്നതും സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോകുന്നതും തടയാൻ കർശന നിയന്ത്രണം ഏർപ്പെടുത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും ഡോക്ടർമാർ ആരും തന്നെ സംസ്ഥാനത്തുള്ള സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നില്ല. ;

(ബി) ബാധകമല്ല.

(സി) 10-7-2003-ലാണ് തീരുമാനിച്ചത്. മറ്റ് ഉപചോദ്യങ്ങൾ ബാധകമല്ല.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നും ഡോക്ടർമാർ ആരുംതന്നെ തിരുവല്ല പുഷ്പഗിരി, കോലഞ്ചേരി, കാരക്കോണം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ജോലി ചെയ്തുവരുന്ന ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് രാജ്യത്തിനകത്തും പുറത്തും ജോലി സ്വീകരിക്കുന്നതിനുവേണ്ടി ലീവ് അനുവദിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 22-7-2003-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ തീരുമാനം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പരമാവധി അനുവദിക്കാവുന്ന ശൂന്യവേതനാവധി 20 വർഷത്തിൽ നിന്നും 10 വർഷമായി കുറച്ചിട്ടുണ്ട്. ദുർലഭം അല്ലാത്ത വിഭാഗത്തിൽ (Non-Scarce Category) നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് ശൂന്യവേതനാവധി അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ഒഴിവുള്ള തസ്തികകളിൽ നിയമനത്തിന് നടപടി

147 (4582) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരും മറ്റ് ജീവനക്കാരും ഉണ്ട് ;

(ബി) ഈ ആശുപത്രിയിൽ ഇനി എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ;

(സി) ധാരാളം രോഗികൾ ചികിത്സയ്ക്കെത്തുന്ന ഈ ആശുപത്രിയിൽ എന്തുകൊണ്ടാണ് ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്താത്തത് ;

(ഡി) രോഗികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കുമോ ?